**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3596.** **12.05.2017 ൽ മറുപടിയ്ക്ക്**

## സ്പിരിറ്റ് കേസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. ബാബു | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര സ്പിരിറ്റ് കേസുകൾ ചാർജ് ചെയ്തിട്ടുണ്ട്;ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പ് 15 സ്പിരിറ്റ് കേസുകൾ ചാർജ് ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | ചാർജ് ചെയ്ത സ്പിരിറ്റ് കേസുകളുടെ എണ്ണം |
|---|---|
| കൊല്ലം | 1 |
| പത്തനംതിട്ട | 6 |
| ആലപ്പുഴ | 3 |
| എറണാകുളം | 2 |
| തൃശ്ശൂർ | 2 |
| കാസർഗോഡ് | 1 |
| **ആകെ** | **15** |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തേക്ക് എത്തുന്ന സ്പിരിറ്റ് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ എടുത്തിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (ബി) | അയൽ സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തേക്ക് അനധികൃത സ്പിരിറ്റ് കടത്തുന്നത് തടയുന്നതിന് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിരന്തരം റെയ്ഡുകളും നിരീക്ഷണങ്ങളും നടത്തി വരുന്നതും ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതും അതിർത്തി പ്രദേശങ്ങളിൽ |

| | | | |
|---|---|---|---|
| | | | ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധനയും നടത്തി വരുന്നുമുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നുമുണ്ട്.<br><br>ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ സ്പിരിറ്റ് കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹനപരിശോധന കർശനമാക്കിയിട്ടുള്ളതും ദേശീയപാതകളിൽ വാഹന പരിശോധന നടത്തി വരുന്നുമുണ്ട്. കൂടാതെ അതിർത്തി പ്രദേശത്ത് അയൽ സംസ്ഥാനങ്ങളിലെ പോലീസ് സേനകളുടെയും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുടെയും സഹകരണത്തോടെ ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ